# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

റേഷൻ വിതരണസമ്പ്രദായം

1321 ശ്രീ. എ.കെ. ബാലൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച പരിഹാരനടപടികൾ വിശദമാക്കുമോ;

(ബി) കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ധാന്യവിഹിതം വെട്ടിക്കുറയ്ക്കുകയുണ്ടായോ; ഏതെല്ലാം ധാന്യങ്ങൾ എത്ര അളവിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻകടകളിൽ ഗോതമ്പിന്റെയും പച്ചരിയുടെയും വിതരണം പൂർണ്ണമായും നിർത്തിവെച്ചിട്ടുണ്ടോ; ഈ ധാന്യങ്ങൾ മാസങ്ങളായി കാർഡുടമകൾക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ റേഷൻ വിഹിതത്തിൽ കുറവുവരുത്തിയതാണോ പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്;

(ഇ) അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യം പൂർണ്ണമായി ഏറ്റെടുത്ത് യഥാസമയം കാർഡുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായ വീഴ്ച എന്തായിരുന്നെന്ന് വിശദമാക്കുമോ;

(എഫ്) റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) റേഷൻ വിതരണം തടസ്സപ്പെടുന്നതുമൂലം പൊതു മാർക്കറ്റിൽ വിലക്കയറ്റം രൂക്ഷമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തിന്റെ വെട്ടിക്കുറച്ച ഭക്ഷ്യധാന്യത്തിന്റെ അളവ് പുന:സ്ഥാപിക്കുന്നതിനും അനുവദിക്കപ്പെട്ട വിഹിതം പൂർണ്ണമായും കാർഡുടമകൾക്ക് ലഭ്യമാക്കാനും അടിയന്തരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>റേഷൻ വിതരണം സുതാര്യമാക്കുന്നതിന് നടപടി</u>

1322 ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളത്; റേഷൻ കടകളിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) റേഷൻ വിതരണം സുതാര്യമാക്കുന്നതിനായി റേഷൻ സാധനങ്ങൾ ഡോർ ഡലിവറി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>റേഷന്‍ കടകള്‍ വഴിയുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം</u>

1323 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവില്‍ എത്ര റേഷന്‍ കാര്‍ഡുകളുണ്ട്; ഇതില്‍ എ.പി.എല്‍./ബി.പി.എല്‍. തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ബി.പി.എല്‍. കാര്‍ഡുടമകള്‍ക്ക് റേഷന്‍ കടകള്‍വഴി നല്‍കുന്ന ഭക്ഷ്യ വസ്തുക്കളുടേയും മണ്ണെണ്ണയുടേയും അളവ് എത്രയാണ്;

(സി) എ.പി.എല്‍. കാര്‍ഡുള്ളവര്‍ക്ക് റേഷന്‍ കടകളിലൂടെ ഏതെല്ലാം വസ്തുക്കളാണ് നല്‍കി വരുന്നത്;

(ഡി) 2011 ജനുവരിയില്‍ സംസ്ഥാനത്തെ റേഷന്‍ കടകളിലൂടെ എ.പി.എല്‍./ബി.പി.എല്‍. വിഭാഗങ്ങള്‍ക്ക് വിതരണം ചെയ്തിരുന്ന റേഷന്‍ വസ്തുക്കള്‍ ഏതെല്ലാമായിരുന്നുവെന്നും ഓരോന്നും എത്ര അളവിലാണ് നല്‍കിയിരുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റേഷൻകട വഴിയുള്ള ഗോതമ്പ് വിതരണം</u>

1324

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി കാർഡൊന്നിന് എത്ര കിലോഗ്രാം ഗോതമ്പ് വിതരണം ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) മാസങ്ങളായി റേഷൻകാർഡ് ഉടമകൾക്ക് ഗോതമ്പ് ലഭിക്കാത്ത അവസ്ഥയുണ്ടോ;

(സി) എങ്കിൽ കാരണം വിശദീകരിക്കാമോ;

(ഡി) തടസ്സം കൂടാതെ ഗോതമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കേന്ദ്ര റേഷൻ വിഹിതം ഏറ്റെടുക്കൽ</u>

1325 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ ഏതെല്ലാം ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ച അരിയുടെ ക്വാട്ട പൂർണ്ണമായും എടുക്കാൻ കഴിയാതെ പോയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ഘട്ടങ്ങളിൽ കേന്ദ്രം ആവശ്യത്തിലധികമായി അരി അനുവദിക്കുകയുണ്ടായി; അനുവദിച്ച അരിയും യഥാസമയം ഏറ്റെടുത്ത അരിയും എത്ര ടൺ വീതമായിരുന്നു;

(സി) മഴക്കെടുതി, ഉത്സവാഘോഷങ്ങൾ എന്നീ ഘട്ടങ്ങളിൽ കേന്ദ്രം അധിക അരി അലോട്ട് ചെയ്യുകയുണ്ടായോ; എങ്കിൽ ഏതെല്ലാം സീസണുകളിൽ; അനുവദിച്ചത് എത്ര; എടുത്തത് എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>കേന്ദ്ര റേഷൻ വിഹിതം</u>

1326 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഫ്. സി. ഐ. യിൽനിന്ന് കഴിഞ്ഞ മൂന്ന് മാസങ്ങളിൽ കേരളത്തിന് അനുവദിച്ച, എ. പി. എൽ./ബി. പി. എൽ. വിഭാഗക്കാർക്കുള്ള അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിഹിതം എത്രയാണ്;

(ബി) അതിൽനിന്ന് എടുത്തതും വിതരണം ചെയ്തതും എത്രയെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>റേഷൻ വിതരണം</u>

1327 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഗോതമ്പ്, പഞ്ചസാര തുടങ്ങിയവ ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഇവയുടെ വിതരണം നിർത്തി വച്ചിട്ടുണ്ടോ;

(സി) റേഷൻ കടകളിൽ പഞ്ചസാരയും ഗോതമ്പും ലഭ്യമാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാർ വിതരണം ചെയ്തിരുന്നതുപോലെ മുടക്കമില്ലാതെ ന്യായവിലയ്ക്ക് ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റേഷൻ വിഹിതത്തിലെ കുറവ്</u>

1328 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റേഷൻ വിഹിതത്തിൽ എത്ര തവണ കുറവ് വരുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര അളവിലാണ് കുറവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട റേഷൻ വസ്തുക്കളുടെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ</u>

1329 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യേണ്ട അരിയും, ഗോതമ്പും, മണ്ണെണ്ണയും അനധികൃതമായി വില്പന നടത്തുന്നത് കൂടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തുന്ന എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ക്രമക്കേട് നടത്തിയ ഏതെല്ലാം കടയുടമകളെ പിടികൂടിയിട്ടുണ്ട്; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; അതുപ്രകാരം എത്ര റേഷൻ കടകൾ പൂട്ടി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) റേഷൻ കടകളിൽ നിന്നും എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും കടത്തിയ എന്തെല്ലാം സാധനങ്ങൾ എവിടെ നിന്നെല്ലാം നടപ്പു വർഷം പിടികൂടിയിട്ടുണ്ട്; അതിന്റെ മതിപ്പു വില എത്ര കോടി രൂപയോളം വരും; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) നിലവിൽ എ.പി.എൽ/ബി.പി.എൽ വിഭാഗക്കാർക്ക് റേഷൻ കടകൾ വഴി ഏതെല്ലാം സാധനങ്ങൾ നൽകുന്നുണ്ട്; ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതിൽ എന്തെല്ലാം സാധനങ്ങൾക്ക് കുറവ് വരുത്തിയിട്ടുണ്ട്; കാരണം വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എ. പി. എൽ, ബി. പി. എൽ മാനദണ്ഡം</u>

1330 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ., ബി. പി. എൽ, പട്ടിക തയ്യാറാക്കുന്നതിന് അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതനുസരിച്ച് 2013 നവംബർ 13 വരെ ആകെയുള്ള ബി. പി. എൽ കാർഡുടമകളുടെ എണ്ണം എത്രയാണ്;

(സി) ഇതിൽ ജനസമ്പർക്ക പരിപാടിയിലൂടെ ബി. പി. എൽ കാർഡ് ലഭിച്ച് റേഷൻ ഷോപ്പുകളിൽ പേരുൾപ്പെടുത്തിയവരെത്ര; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എ. പി. എൽ വിഭാഗത്തിൽ നിന്ന് ബി. പി. എൽ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റുന്നതിനുള്ള അപേക്ഷ</u>

1331 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ വിഭാഗത്തിൽ നിന്ന് ബി. പി. എൽ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) 2013 വർഷത്തിൽ പാലക്കാട് ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചു; ബാക്കി അപേക്ഷകൾ എന്തു ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ജില്ലയിലെ സാധാരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

എ. പി. എൽ കാർഡുകൾ ബി. പി. എൽ ആക്കുന്നതിന് നടപടി

1332 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ കാർഡിന് അർഹതയുള്ള നിരവധി പേർക്ക് എ. പി. എൽ. കാർഡുകളാണ് നൽകിയിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബി. പി. എൽ. കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ബി. പി. എൽ. കാർഡുകൾക്ക് അർഹതയുള്ളതും നിലവിൽ എ. പി. എൽ. കാർഡുകൾ ലഭിച്ചിട്ടുള്ളതുമായ ആൾക്കാർക്ക് അടിയന്തരമായി ബി. പി. എൽ. കാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

എ. പി. എൽ, ബി. പി. എൽ, എ. എ.വൈ റേഷൻ കാർഡുകൾ

1333 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡുകൾ ഉണ്ട്; ഇതിൽ എ. പി. എൽ., ബി. പി. എൽ, എ. എ.വൈ എന്നിവ തരംതിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ബി) 2013 വർഷം എത്ര എ. പി. എൽ. കാർഡുകൾ ബി. പി. എൽ ആക്കി നൽകിയിട്ടുണ്ട്;

(സി) എ. പി. എൽ. കാർഡുകൾ ബി. പി. എൽ. ആക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ബി. പി. എൽ. കാർഡുടമകൾക്ക് നൽകാനായി പ്രതിമാസം കേന്ദ്ര ഗവൺമെന്റ് എത്ര ടൺ അരിയാണ് അനുവദിച്ചു നൽകുന്നത്;

(ഇ) ഇതുപ്രകാരം ഓരോ ബി. പി. എൽ. കാർഡിനും മാസത്തിൽ എത്ര കിലോ അരി നൽകാൻ കഴിയും; ബി. പി. എൽ. കാർഡുകൾ കൂടുന്നതിനനുസരിച്ച് കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എ. പി. എൽ / ബി. പി. എൽ റേഷൻ വിതരണം</u>

1334 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ - എ. പി. എൽ കാർഡ് ഉടമകൾക്ക് റേഷൻകടകളിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എത്ര വീതമാണെന്ന് വിശദമാക്കുമോ; ഇത് എല്ലാ മാസവും കൃത്യമായി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രഖ്യാപിച്ചിട്ടുളള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ എല്ലാ മാസവും നൽകാത്തതെന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(ബി) റേഷൻ കടകൾ വഴി എ. പി. എൽ, ബി. പി. എൽ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന മണ്ണെണ്ണ എത്ര വീതമാണ് എന്ന് പറയാമോ;

(സി) എ. പി. എൽ കാർഡ് ഉടമകൾക്ക് നിലവിൽ ഗോതമ്പ് നൽകുന്നുണ്ടോ; എങ്കിൽ എത്രവീതമാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ബി. പി. എൽ. കാർഡുകൾ

1335 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബി.പി.എൽ. കാർഡ് ഉടമകൾ നിലവിലുണ്ട്;

(ബി) ബി.പി.എൽ. കാർഡുകൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ സർവ്വേയെ തുടർന്ന് 2011 ൽ പ്രസിദ്ധീകരിച്ച പട്ടിക പ്രകാരം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ട്;

(സി) ഗുരുതരമായ ഏതെല്ലാം രോഗം ബാധിച്ചവരെയാണ് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(ഡി) കുറ്റമറ്റ ബി.പി.എൽ. പട്ടിക രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റേഷൻകാർഡുകളുടെ ഇനം തിരിക്കൽ</u>

1336 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിൽ, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുളള റേഷൻകാർഡ് ഉടമകൾ എത്രയാണ്; ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉളളവർ എത്ര;

(ബി) ബി.പി.എൽ പട്ടികയിൽ നിന്നും ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; ഇതു സംബന്ധിച്ച് കേരള സർക്കാർ സുപ്രീം കോടതിയിൽ നല്കിയ സത്യവാങ്മൂലത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) സത്യവാങ്മൂലത്തിലെ വ്യവസ്ഥകൾ പ്രകാരം ലിസ്റ്റ് തയ്യാറാക്കിയാൽ എ.പി.എൽ, ബി.പി.എൽ വിഭാഗത്തിൽ എത്രശതമാനം വ്യത്യാസങ്ങൾ വരാനിടയുളളതായി കരുതുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>എ. പി. എൽ. കാർഡ് ഉടമകൾക്കുള്ള ഗോതമ്പ് വിതരണം</u>

1337 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ ഷോപ്പുകളിൽ എ. പി. എൽ. കാർഡുടമകൾക്ക് ഗോതമ്പ് വിതരണം ചെയ്യുന്നില്ലായെന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എ. പി. എൽ. കാർഡുടമകൾക്ക് ഗോതമ്പ് വിതരണം ചെയ്യാനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>രണ്ടു രൂപാ നിരക്കിൽ അരി വിതരണം</u>

1338 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ട് രൂപാ നിരക്കിൽ 2013 ജനുവരി മുതൽ ഇതുവരെ എത്ര ടൺ അരിയാണ് വിതരണം ചെയ്തത്;

(ബി) രണ്ട് രൂപാ നിരക്കിൽ എത്ര കാർഡ് ഉടമകൾക്കാണ് ഇപ്പോൾ അരി വിതരണം ചെയ്യുന്നത്; കാർഡ് ഒന്നിന് എത്ര കിലോ അരിയാണ് വിതരണം ചെയ്യുന്നത് ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഉത്സവകാലങ്ങളിലെ അരിവിതരണം</u>

1339 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഓണം, റംസാന്‍, ക്രിസ്തുമസ് കാലങ്ങളില്‍ ഓരോ വര്‍ഷവും എത്ര കിലോഗ്രാം അരി സ്കൂള്‍ വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കിയിട്ടുണ്ട്; ഉത്സവങ്ങള്‍ തിരിച്ചും, വര്‍ഷം തിരിച്ചും വ്യക്തമാക്കാമോ;

(ബി) എത്ര ടണ്‍ അരി പ്രസ്തുത പദ്ധതിക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്;

(സി) ഏതെങ്കിലും ഫെസ്റ്റിവല്‍ സീസണില്‍ അരി നല്‍കാന്‍ കഴിയാതിരുന്നിട്ടുണ്ടോ; എങ്കില്‍ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം</u>

1340 ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണന്‍
,, എം. എ. വാഹീദ്
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) നിയമം നടപ്പാക്കുമ്പോള്‍ ഉണ്ടാകാനിടയുള്ള ദോഷങ്ങള്‍ ദുരീകരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) നിയമം നടപ്പിലാക്കുമ്പോള്‍ ഇപ്പോള്‍ ബി.പി.എല്‍ വിഭാഗത്തില്‍ ഉള്ളവരേയും എ.പി. എല്‍ വിഭാഗത്തിലെ അര്‍ഹരേയും ഗുണഭോക്തൃ ലിസ്റ്റില്‍ ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങള്‍ നല്‍കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യോൽപ്പന്നങ്ങളുടെ വിലക്കയറ്റം</u>

1341 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷൻ
,, റ്റി. വി. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യോല്പ്പന്നങ്ങളുടെ വിലക്കയറ്റം ചരിത്രത്തിലെ ഏറ്റവും ഉയർന്ന തോതിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളെ ബാധിക്കുന്ന വിലക്കയറ്റത്തിന്റെ തീക്ഷ്ണതയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിലക്കയറ്റത്തിന്റെ മുഖ്യകാരണങ്ങൾ എന്തൊക്കെയാണ്;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില ഈ സർക്കാരിന്റെ തുടക്കത്തിലുണ്ടായിരുന്നതിന്റെ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണ് ഇപ്പോഴത്തേതെന്ന് വിശദമാക്കുമോ;

(ഡി) വിലക്കയറ്റത്തിന്റെ കെടുതികളിൽനിന്ന് സാധാരണജനങ്ങളെ സംരക്ഷിക്കാൻ മുൻ സർക്കാർ സ്വീകരിച്ചിരുന്ന നിലയിലുള്ള നടപടികൾക്ക് തുടർച്ച ആവശ്യമായിരുന്നു എന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണം</u>

1342 ശ്രീ. എം. ഉമ്മർ
,, എം. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും ക്രമരഹിതമായ വിലവർദ്ധനയും നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാൻ ഏതൊക്കെ ഏജൻസികൾക്ക് എന്തു തുക വീതം കഴിഞ്ഞ അഞ്ചു വർഷം സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സബ്സിഡി തുക ശരിയായ വിധമാണോ വിനിയോഗിക്കുന്നതെന്നും, അത് ദുർവിനിയോഗം ചെയ്യുന്നുണ്ടോ എന്നും പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സബ്സിഡി തുകയുടെ വരവും വിനിയോഗവും പ്രത്യേകമായി രേഖപ്പെടുത്താൻ ഓരോ ഏജൻസിയിലും സംവിധാനമുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ ഓരോ ഏജൻസിയുടെയും വിനിയോഗവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വിലക്കയറ്റം -ദേശീയ ശരാശരി</u>

1343 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിലക്കയറ്റം ദേശീയ ശരാശരിക്ക് മുകളിലാണോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കേരളം പിൻതള്ളപ്പെട്ടതായി കേന്ദ്ര സർക്കാർ ഏജൻസിയായ ലേബർ ബ്യൂറോയുടെ കണക്കുകൾ പ്രകാരം കണ്ടെത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിലക്കയറ്റം ദേശീയ ശരാശരിക്കു മുകളിൽ എത്താനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

അവശ്യവസ്തുക്കളുടെ വിലനിലവാരം

1344 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മാർച്ചിൽ സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരം പൊതുവിപണിയിൽ എന്തായിരുന്നുവെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) അവശ്യവസ്തുക്കളുടെ വില 2013 ഡിസംബർ മാസം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) അവശ്യവസ്തുക്കളുടെ വില വർദ്ധനവിന്റെ കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) 2010 ഡിസംബറിൽ എത്ര ക്രിസ്തുമസ് ചന്തകൾ സിവിൽ സപ്ലൈസിന്റെയും കൺസ്യൂമർ ഫെഡ്ഡിന്റെയും നേതൃത്വത്തിൽ പ്രവർത്തിച്ചു;

(ഇ) 2013 ൽ എത്ര ക്രിസ്തുമസ് ചന്തകളാണ് പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കുമോ;

(എഫ്) റേഷൻകടകൾ വഴി 2013 നവംബർ, ഡിസംബർ മാസങ്ങളിൽ എത്ര കിലോ അരി, ഗോതമ്പ്, പഞ്ചസാര എന്നിവ കാർഡുടമകൾക്ക് നൽകി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വിലവർദ്ധനവ് നിയന്ത്രിക്കുവാൻ നടപടി</u>

1345 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ധനവിലവർദ്ധനവിന്റെ പേരിൽ വൻകിട, മൊത്ത വ്യാപാരികൾ അവശ്യസാധനങ്ങൾക്ക് വൻവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് വിപണിയിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളിൽ അവശ്യ സാധനങ്ങൾ ലഭ്യമല്ലാത്തതും ലഭ്യമാകുന്ന സാധനങ്ങൾക്ക് പൊതുവിപണിയിലെ വിലതന്നെ നൽകേണ്ടിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണം

1346 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നിത്യോപയോഗഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതു പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും ഇതിനായി എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിപണിയിലെ ഇടപെടലിനായി ഏതൊക്കെ തീയതികളിൽ എത്ര തുക വീതം നീക്കിവെച്ചെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുകയിൽ എത്ര തുക ഇതിനകം ചെലവഴിച്ചെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>വിലക്കയറ്റ നിയന്ത്രണം</u>

1347 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിലക്കയറ്റം നിയന്ത്രിക്കാൻ എത്ര കോടി രൂപയാണ് സിവിൽ സപ്ലൈസ് വകുപ്പിന് നൽകിയത്;

(ബി) വില നിയന്ത്രിക്കാനായി ബദൽ സംവിധാനം ഏർപ്പെടുത്തി വില പിടിച്ചുനിർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വിലനിയന്ത്രണ സമ്പ്രദായം</u>

1348 ശ്രീ. കെ. രാധാകൃഷ്ണൻ
,, എം. ഹംസ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലനിലവാരം സംബന്ധിച്ച് കേന്ദ്രസർക്കാർ ഏജൻസിയായ ലേബർ ബ്യൂറോ പ്രസിദ്ധീകരിച്ച കണക്കുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൻപ്രകാരം കേരളത്തിലെ വിലക്കയറ്റതോത് ദേശീയ ശരാശരിയേക്കാൾ മുകളിലാണോ;

(സി) വിലനിയന്ത്രണത്തിൽ കേരളത്തിന് എത്രാമത് സ്ഥാനമാണുള്ളത്;

(ഡി) പൊതുവിതരണ സമ്പ്രദായം തകർന്നതും റേഷൻ വിഹിതം വെട്ടിക്കുറച്ചതും പൊതുകമ്പോളത്തിൽ വൻ വില വർദ്ധനവിന് കാരണമായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിലനിയന്ത്രിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; ഇതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>റേഷന്‍ വ്യാപാരികള്‍ക്കുള്ള ആനുകൂല്യങ്ങള്‍</u>

1349 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചില്ലറ റേഷന്‍ വ്യാപാരികള്‍ക്ക് പുതുതായി എന്തെങ്കിലും ആനുകൂല്യങ്ങള്‍ ലഭ്യമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ചില്ലറ റേഷന്‍ വ്യാപാരികള്‍ക്ക് വേതനം, അലവന്‍സ് എന്നിവ നല്‍കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സപ്ലൈകോ സാധനങ്ങളുടെ വില വിവരം</u>

1350 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 ജനുവരിയിൽ സപ്ലൈകോ മുഖേന വിതരണം നടത്തിയ അവശ്യസാധനങ്ങളുടെ, ഓരോന്നിന്റെയും വില എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2007 ജനുവരിയിലെ അവശ്യസാധനങ്ങളുടെ മാർക്കറ്റ് വില വ്യക്തമാക്കുമോ;

(സി) 2013 ഡിസംബറിൽ സപ്ലൈകോ മുഖേന വിതരണം നടത്തിയ അവശ്യസാധനങ്ങളുടെ ഓരോന്നിന്റെയും വില എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2013 ഡിസംബറിലെ അവശ്യസാധനങ്ങളുടെ മാർക്കറ്റ് വില എത്രയാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.01.2014-ലെ മറുപടിക്ക്**

<u>സപ്ലൈകോയിലെ സാധനങ്ങളുടെ ഗുണനിലവാരം</u>

1351 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വില്പന നടത്തുന്ന പല സാധനങ്ങളുടേയും ഗുണനിലവാരം മോശമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സപ്ലൈകോ സ്ഥാപനങ്ങളിൽ ഈടാക്കുന്ന പാക്കിംഗ് ചാർജ്</u>

1352 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ തൊഴിലാളികൾക്ക് പാക്കിംഗ് കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ ഷോപ്പുകളിൽ പാക്കിംഗ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലുണ്ടായിരുന്ന ചാർജും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന ചാർജും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോ ഷോപ്പുകളിലൂടെ സബ്സിഡി നൽകി വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതെല്ലാം; സബ്സിഡി നല്കാതെ വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതെല്ലാം;

(ഡി) സ്വകാര്യ ഷോപ്പുകളിൽ നിന്ന് പാക്കിംഗ് ചാർജ്ജ് സൗജന്യമായി ലഭിക്കുമ്പോൾ സപ്ലൈകോ ഷോപ്പുകളിലെ പാക്കിംഗ് ചാർജ്ജ് വർദ്ധനവ് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

സപ്ലൈകോ ഇ-ടെണ്ടർ

1353 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഇ-ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ ശ്രമത്തെ കരാറുകാർ സംഘടിതമായി അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ടോ ;

(സി) ഉല്പ്പന്നങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് ശ്രമം നടത്തിയിട്ടുണ്ടോ ; അതിന് നിയമതടസ്സമുണ്ടോ ; ഇല്ലെങ്കിൽ അത്തരത്തിൽ പർച്ചേസ് നടത്താൻ ഉദ്ദേശ്യമുണ്ടോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സപ്ലൈകോയിൽ നടന്ന മോഷണം</u>

1354 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ആലപ്പുഴ ജില്ലാ ഡിപ്പോയിലും സബ്ഡിപ്പോയിലും നടന്ന മോഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പിൻകീഴിലെ</u>
<u>തസ്തികകളും ജീവനക്കാരും</u>

1355 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2-9-2013-ൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ നടത്തിയ മന്ത്രിതല ചർച്ചയിൽ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് വിശദീകരിക്കുമോ;

(ബി) 31-12-2013 വരെ സപ്ലൈകോയിൽനിന്ന് എത്ര ജൂനിയർ അസിസ്റ്റന്റുമാർ വിരമിച്ചു; ഈ ഒഴിവിലേയ്ക്ക് പ്രമോഷൻ ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതിന് തടസ്സം എന്തെന്ന് വ്യക്തമാക്കുമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിൽ എൽ. ഡി. സി./യു. ഡി. സി. അനുപാതം ഏത് രീതിയിലാണ്; സപ്ലൈകോയിൽ 329 ജൂനിയർ അസിസ്റ്റന്റ് തസ്തികയ്ക്ക് (നേരിട്ടുള്ളത്) 20 സീനിയർ അസിസ്റ്റന്റ് II അനുവദിച്ചിട്ടുള്ളത് ഏത് അനുപാതത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) 2006-നുശേഷം എത്ര പുതിയ ഔട്ട്ലെറ്റുകൾ സപ്ലൈകോ ആരംഭിച്ചു; എത്ര പുതിയ തസ്തികകൾ റീജിയണൽ മാനേജർ ഓഫീസുകളിലും ഡിപ്പോകളിലും ആരംഭിച്ചു; ഇതിന് ആനുപാതികമായിട്ട് ജൂനിയർ അസിസ്റ്റന്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ ഘട്ടംഘട്ടമായി അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(എഫ്) 2013 സെപ്തംബർ 30 വരെ 223 സപ്ലൈകോ ജീവനക്കാർക്ക് പ്രമോഷൻ നൽകുമെന്ന് പറഞ്ഞതിൽ എത്ര പേർക്ക് പ്രമോഷൻ നൽകിയെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

(ജി) സപ്ലൈകോ ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ആവിഷ്കരിക്കാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയെത്തിയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പിൻ കീഴിലെ</u>
<u>ദിവസ വേതന ജീവനക്കാർ</u>

1356 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ ബസാറുകളിലും ഇതര റീട്ടയിൽ ഔട്ട്ലെറ്റുകളിലും എത്ര താല്ക്കാലിക ജീവനക്കാർ ദിവസവേതനത്തിൽ നിലവിലുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ പ്രസ്തുത ജീവനക്കാരെ 8 മണിക്കൂറിലധികം ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അധിക പ്രവൃത്തി സമയങ്ങൾക്ക് അധികവേതനം ലഭ്യമാക്കാറുണ്ടോ;

(ഡി) പത്ത് വർഷത്തിലധികമായി ദിവസ വേതനത്തിൽ പണിയെടുത്തുവരുന്ന എത്ര ജീവക്കാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇവരെ കാഷ്വൽ ജീവനക്കാരായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിൽ ഇവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ദൈനിക വേതനം കാലോചിതമായി പരിഷ്കരിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകുന്നതിന് നടപടി ഉണ്ടാകുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ജോലിയിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെയുള്ള ശിക്ഷാ നടപടികൾ</u>

1357 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സിവിൽ സപ്ലൈസ് വകുപ്പിലും, കോർപ്പറേഷനിലും എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് കൃത്യനിർവ്വഹണത്തിലുള്ള വീഴ്ച, അഴിമതി എന്നിവയ്ക്ക് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ സപ്ലൈകോ ഔട്ട്‌ലെറ്റുകള്‍</u>

1358 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ എവിടെയൊക്കെ സപ്ലൈകോ ഔട്ട്‌ലെറ്റുകള്‍ ആരംഭിക്കുന്നതിനാണ് അപേക്ഷകള്‍ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേല്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) ഇവയില്‍ ഏതെല്ലാം ഔട്ട്‌ലെറ്റുകള്‍ക്ക് അര്‍ഹതയുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പട്ടാമ്പി കേന്ദ്രമാക്കി താലൂക്ക് സപ്ലൈ ഓഫീസ്</u>

1359 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, പട്ടാമ്പിയിൽ ഒരു താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.01.2014–ലെ മറുപടിക്ക്**

<u>കൊല്ലം ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനം</u>

1360 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്ക് കൊല്ലം ജില്ലയ്ക്കു വേണ്ടി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്നും, ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിൽ എത്രയെണ്ണം പി.എസ്.സി–ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക ഒഴിഞ്ഞു കിടക്കുകയും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കുകയും ചെയ്തിട്ടും നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; തടസ്സങ്ങൾ വല്ലതുമുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേക്ക് കൊല്ലം ജില്ലയിൽ നിയമനം നടത്തുവാൻ എന്ത് നടപടി സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളുടെയും ലാഭം മാർക്കറ്റുകളുടെയും പ്രവർത്തനം</u>

1361 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കായംകുളം മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം കായംകുളം മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളുടെ പ്രവര്‍ത്തനം</u>

1362 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലി സ്റ്റോറുകളില്‍ അവശ്യസാധനങ്ങള്‍ തീരെയില്ലെന്നുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) ഈ സാമ്പത്തിക വര്‍ഷം മാവേലി സ്റ്റോറുകള്‍ക്ക് എത്ര കോടി രൂപ നല്‍കിയെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തില്‍ നല്‍കുമോ;

(സി) ആകെ എത്ര മാവേലി സ്റ്റോറുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നല്‍കുമോ;

(ഡി) കൂടുതല്‍ മാവേലി സ്റ്റോറുകള്‍ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളിലെ ഫിസിക്കൽ വെരിഫിക്കേഷൻ</u>

1363 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ട നിത്യോപയോഗ സാധനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താറുണ്ടോ;

(ബി) എങ്കിൽ അതിന് നിശ്ചയിച്ചിട്ടുള്ള കാലപരിധി എത്ര ദിവസമാണെന്ന് വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ഡി) വെരിഫിക്കേഷൻ നടത്താത്ത മാവേലി സ്റ്റോർ ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ചീക്കിലോട് മാവേലി സ്റ്റോർ</u>

1364 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിലെ ചീക്കിലോട് മാവേലി സ്റ്റോർ ആരംഭിക്കാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ മാവേലി സ്റ്റോറുകൾ</u>

1365 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കണ്ണൂർ ജില്ലയിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) അനുവദിച്ച മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കടന്നമണ്ണ, പടപ്പറമ്പ് എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ

1366 ശ്രീ.റ്റി. എ. അഹമ്മദ് കബിർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട പഞ്ചായത്തിലെ കടന്നമണ്ണയിലും കുറുവ ഗ്രാമപഞ്ചായത്തിലെ പടപ്പറമ്പിലും മാവേലി സ്റ്റോറുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>നെല്ലിക്കുന്ന് കടപ്പുറത്ത് മാവേലി സ്റ്റോർ</u>

1367 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ നെല്ലിക്കുന്ന് കടപ്പുറത്ത് മാവേലി സ്റ്റോർ തുടങ്ങണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. വകുപ്പുമന്ത്രിക്കു കത്തു നൽകിയിരുന്നോ;

(ബി) എങ്കിൽ, പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) പ്രസ്തുത സ്ഥലത്ത് എന്ന് മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കാനാകുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നെന്മാറ നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ</u>

1368 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകൾ ഇല്ലാത്തത്;

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഈ പഞ്ചായത്തുകളിൽ എന്നു മുതൽ മാവേലി സ്റ്റോർ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>സർക്കാർതലത്തിൽ ഹോട്ടലുകൾ</u>

1369 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വിലക്കയറ്റത്തിൽനിന്ന് ജനങ്ങൾക്ക് ആശ്വാസമേകാൻ എന്തെല്ലാം നടപടികളാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) പാചകവാതകവിലവർദ്ധനവുമൂലം ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വിലവർദ്ധിപ്പിക്കുന്നതു മുന്നിൽക്കണ്ട് സർക്കാർതലത്തിൽ ഹോട്ടലുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ വിലനിയന്ത്രണവും ഗ്രേഡിംഗും</u>

1370 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹോട്ടലുകൾക്ക് നിലവാരമനുസരിച്ച് ഗ്രേഡ് നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വില ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനായി ബിൽ കൊണ്ടുവരുമെന്ന് പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിയമ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>മാവേലി ഹോട്ടലുകൾ</u>

1371 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈക്കോയുടെ കീഴിൽ 2010–ൽ എത്രമാവേലി ഹോട്ടലുകളാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്രയെണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്;

(സി) എത്രയെണ്ണമാണ് പ്രവർത്തിക്കാത്തതെന്നും അതിനുളള കാരണം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>പാചകവാതക വിതരണവും ആധാർ കാർഡും</u>

1372 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
''കെ. കുഞ്ഞിരാമൻ (ഉദുമ)
''സി. കൃഷ്ണൻ
''ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡുമായി ബന്ധപ്പെടുത്തിയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ നൽകാത്തവർക്ക് പാചകവാതക സബ്സിഡി നൽകില്ലെന്ന കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ലക്ഷക്കണക്കിന് വരുന്ന പാചകവാതക ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുമെന്നകാര്യം അറിവുളളതാണോ;

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ഡി) പാചകവാതക ഉപഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിൽ ആധാർ രജിസ്ട്രേഷൻ ഇല്ലാത്തവരുടെ ജില്ല തിരിച്ചുളള കണക്ക് ലഭ്യമാണോ;

(ഇ) ആധാർ കാർഡുളള ഉപഭോക്താക്കൾക്ക് ബാങ്ക് വഴി ലഭിച്ച സബ്സിഡി തുക കുറവുളളതായി പരാതി ഉയർന്നിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) നിയമത്തിന്റെ പിൻബലമില്ലാത്ത ആധാർ ഒരു പദ്ധതിക്കും നിർബന്ധമാക്കരുതെന്ന സുപ്രീംകോടതി വിധി നിലനിൽക്കെയാണ് കേന്ദ്രം പാചകവാതകത്തിന് ആധാർ നിർബന്ധമാക്കിയതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ജി) സംസ്ഥാനത്തെ പകുതിയോളം വരുന്ന പാചകവാതക ഉപഭോക്താക്കളെ സാരമായി ബാധിക്കുന്ന, ആധാർ നിർബന്ധമാക്കിക്കൊണ്ടുളള ഉത്തരവ് പിൻവലിക്കുന്നതിന് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

പാചക വാതക വിതരണത്തിലെ അപാകതകൾ

1373 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പാചക വാതക ഉപഭോക്താവിന്റെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാചക വാതക വിതരണവുമായി ബന്ധപ്പെട്ട് എസൻഷ്യൽ കമോഡിറ്റീസ് ആക്ട് പ്രകാരം ഏതെങ്കിലും ഏജൻസിക്ക് മേൽ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പാചക വാതക വിതരണം</u>

1374 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി.ജി ഉപഭോക്താക്കളുടെ എണ്ണം ജില്ലയും ഓയിൽ കമ്പനിയും തിരിച്ച് വ്യക്തമാക്കുമോ;

(ബി) എൽ.പി.ജി ഉപഭോക്താക്കളിൽ എത്ര പേർ ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വീട്ടാവശ്യത്തിനും വാണിജ്യാവശ്യത്തിനും ഉപയോഗിക്കുന്ന എൽ.പി.ജി സിലിണ്ടറിന്റെ 2014 ജനുവരി മാസത്തെ വില എത്ര രൂപയാണ്; ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തവർക്ക് വിലയെത്രയാണ്; ഇവരുടെ സബ്സിഡി എത്ര രൂപയാണ്; ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യാത്തവർക്കുള്ള വിലയെത്രയാണ്; ഇവരുടെ സബ്സിഡി എത്ര രൂപയാണ്; വ്യക്തമാക്കുമോ;

(ഡി) ആധാർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തവർക്ക് സർക്കാർ പ്രഖ്യാപിച്ച സബ്സിഡി ബാങ്ക് അക്കൗണ്ടിൽ വരുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ;

(ഇ) എത്ര സബ്സിഡി സിലിണ്ടറുകളാണ് കേരളത്തിൽ ഒരു ഉപഭോക്താവിന് ഒരു വർഷം നിലവിൽ അനുവദിച്ചിട്ടുള്ളത്;

(എഫ്) ഒരു സിലിണ്ടർ ബുക്ക് ചെയ്താൽ എത്ര ദിവസത്തിനകം അത് നൽകണമെന്നാണ് വ്യവസ്ഥയുള്ളത്; അപ്രകാരം നൽകിയില്ലെങ്കിൽ ആർക്കാണ് ഇത് സംബന്ധിച്ച് പരാതി നൽകേണ്ടത്; വിശദമാക്കാമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

(ജി) ബുക്ക് ചെയ്യുന്ന സിലിണ്ടർ യഥാസമയം ലഭിക്കാത്തതു മൂലം ഒരു വർഷത്തിൽ നിശ്ചിത എണ്ണം സബ്സിഡൈസ്ഡ് സിലിണ്ടർ എന്ന വ്യവസ്ഥ പാലിക്കപ്പെടാത്ത സാഹചര്യം ഉണ്ടായാൽ സർക്കാർ പ്രഖ്യാപിച്ച എണ്ണം സിലിണ്ടർ ഒരു ഉപയോക്താവിന് ഒരു വർഷം നൽകും എന്ന് ഉറപ്പു നൽകാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

വിദ്യാലയങ്ങളിലെ പാചകവാതകവിതരണം

1375 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉച്ചക്കഞ്ഞിവിതരണം ചെയ്യുന്ന വിദ്യാലയങ്ങളിൽ സബ്സിഡൈസ്ഡ് റേറ്റിൽ പാചകവാതകം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

പാചകവാതകത്തിന് സബ്സിഡി

1376

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതകത്തിന് സബ്സിഡി ലഭിക്കുന്നതിന് നിബന്ധനകളുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പാചക വാതകത്തിന് ഉപഭോക്താവ് നൽകേണ്ട വിലയും സബ്സിഡിയായി ലഭിക്കുന്ന തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര പാചക വാതക ഉപഭോക്താക്കളുണ്ട്; ഇവരുടെ ആധാർ നമ്പരുകൾ പാചക വാതക കണക്ഷനും ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പാചകവാതക സബ്സിഡി തുകയിൽനിന്ന് വാറ്റ്</u>

T.1377 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്സിഡിക്ക് അർഹതയുള്ള പാചകവാതക ഉപഭോക്താവിന് ആധാർ ലിങ്കേജ് വരുന്നതോടെ ഓരോ സിലിണ്ടറിനും ലഭിക്കേണ്ട സബ്സിഡി തുകയിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധാർ ലിങ്ക് ചെയ്ത ബാങ്കുകൾ സബ്സിഡി തുകയുടെ അഞ്ച് ശതമാനം വാറ്റ്, ഉപഭോക്താവിൽനിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ അധികബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഗ്യാസ് ഏജൻസികളുടെ പ്രവർത്തനം</u>

1378 ശ്രീ.എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസികളുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാന സർക്കാർ തീരുമാനങ്ങൾ ലംഘിച്ച എത്ര ഗ്യാസ് ഏജൻസികൾക്കെതിരെ ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഗ്യാസ് വിതരണം എസ്.എം.എസ് വഴി ഉപഭോക്താവിനെ അറിയിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകുന്നതു പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>പെട്രോൾ പമ്പുകളിലെ സൗജന്യസേവനങ്ങൾ</u>

1379 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ പമ്പുകളിൽ വായു, വെള്ളം തുടങ്ങിയവ പമ്പ് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താക്കൾക്കു സൗജന്യമായി നൽകണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) എങ്കിൽ, അത് പാലിക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) നിയമം മൂലം ഉപഭോക്താക്കൾക്ക് അനുവദിച്ചിരിക്കുന്ന ഇത്തരം സൗകര്യങ്ങൾ പ്രവർത്തിപ്പിക്കാതെയോ, പ്രവർത്തനരഹിതമായോ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപഭോക്താക്കളുടെ ഇത്തരം അവകാശങ്ങൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.01.2014–ലെ മറുപടിക്ക്**

<u>ഇന്ധന വില നിലവാരവും, ഉപയോഗവും</u>

1380 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ വില ലിറ്റർ ഒന്നിന് എത്ര വീതമായിരുന്നു;

(ബി) ഇവ ഓരോന്നിന്റേയും ഇപ്പോഴത്തെ വില എത്ര വീതമാണ്; വർദ്ധന മൊത്തം എത്ര ശതമാനം വീതം; നയം വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഡീസൽ, പെട്രോൾ, പാചകവാതകം ഇവയുടെ വില എത്ര തവണ വർധിപ്പിക്കുകയുണ്ടായി;

(ഡി) 2011–12 വർഷത്തെ ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ മൊത്തം ഉപയോഗം എത്രയായിരുന്നു; 2012–13 വർഷത്തെ ഇവയുടെ മൊത്തം ഉപഭോഗം എത്രയാണ്; ഉപയോഗത്തിലുണ്ടായ വർധന സംബന്ധിച്ച് വിശദമാക്കാമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഇന്ധനവില വർദ്ധനവ്

1381 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര തവണ പെട്രോൾ, ഡീസൽ, പാചകവാതക വില വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ തീയതികളിൽ എത്ര രൂപ വീതമാണ് ഓരോന്നിനും വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഡീസൽ, പെട്രോൾ വിലയും നികുതിയും</u>

1382 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസലിനും പെട്രോളിനും സംസ്ഥാനത്ത് നിലവിലുള്ള വില, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം ഇനത്തിലും, നിരക്കിലുമുള്ള നികുതികളോട് കൂടിയതാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഡീസലിനും, പെട്രോളിനും എത്ര തവണ വില വർദ്ധിപ്പിക്കുകയുണ്ടായി ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്ന ദിവസം സംസ്ഥാനത്ത് ഒരു ലിറ്റർ ഡീസലിന് ഉണ്ടായിരുന്ന വിലയെത്രയാണ് ; അതിപ്പോൾ എത്രയായി ഉയർത്തിയിരിക്കുന്നു. ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ പ്രതിദിനം എത്ര ലിറ്റർ വീതം പെട്രോളും, ഡീസലും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടിരുന്നു ; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട് ;

(ഇ) പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിനത്തിൽ 2011 മെയ് മാസം സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയായിരുന്നു ; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡ് വഴിയുള്ള അവശ്യ സാധന വിതരണം</u>

1383 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ലെ ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡ് വഴി ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി അവശ്യവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിതരണ ഏജൻസിക്ക് സബ്സിഡി തുക പൂർണ്ണമായി കൈമാറിയിട്ടുണ്ടോ;

(സി) ഈ ഇനത്തിൽ കൺസ്യൂമർഫെഡ്ഡിന് തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ തുക നൽകുന്നതിന് എന്താണു തടസ്സം; ഇല്ലെങ്കിൽ കുടിശ്ശിക തുക കാലതാമസം കൂടാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നെല്ല് സംഭരണ പദ്ധതി</u>

1384 ശ്രീ. കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈക്കോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ല് സംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര നെൽകർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പദ്ധതി വഴി സംഭരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>നെല്ല് സംഭരണവും സംസ്കരണവും</u>

1385 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ വർഷം എത്ര ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിനകം സംഭരിച്ചത് എത്ര;

(ബി) നെല്ല് സംഭരിച്ച ഇനത്തിൽ കോർപ്പറേഷൻ കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക തുക എത്രയാണ്;

(സി) ശേഖരിച്ച നെല്ല് പൂർണമായും അരിയാക്കി, കോർപ്പറേഷൻ തന്നെ നേരിട്ട് വില്പന നടത്തുമോ;

(ഡി) കിലോ ഒന്നിന് എന്ത് തുക നല്കിക്കൊണ്ടാണ് നെല്ല് സംഭരിച്ചിരിക്കുന്നത്; സംഭരിച്ച നെല്ല് കുത്തി അരിയാക്കി വിൽക്കുമ്പോൾ ഉപഭോക്താവിൽ നിന്നീടാക്കുന്ന നിരക്ക് എത്ര;

(ഇ) നെല്ല് സംഭരണ പദ്ധതിയിൻ കീഴിലും മറ്റുമായി സിവിൽ സ്പ്ലൈസ് കോർപ്പറേഷന് ഗവൺമെന്റ് നൽകുവാൻ കുടിശ്ശികയായിട്ടുള്ള തുക എത്ര; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഉപഭോക്തൃ ക്ലബ്ബുകൾ</u>

1386 ശ്രീ. കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉപഭോക്തൃക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് ക്ലബ്ബുകൾ വഴി നടത്തിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വില നിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ഉപഭോക്തൃ ഫോറത്തിന്റെ പ്രവർത്തനങ്ങൾ</u>

1387 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഉപഭോക്തൃ ഫോറങ്ങൾ പുന:സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

കായംകുളം കേന്ദ്രമാക്കിയുള്ള ലീഗൽ മെട്രോളജി കാര്യാലയം

1388 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം കേന്ദ്രമാക്കി ലീഗൽ മെട്രോളജിയുടെ കാര്യാലയം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>മാഞ്ഞാലിക്കുളം – ഗാന്ധാരി അമ്മൻ കോവിൽ റോഡിലെ ഭൂമിയുടെ ഫെയർ വാല്യൂ</u>

1389 ശ്രീ. പി. ബി. അബ്ദുൾ റസാക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മാഞ്ഞാലിക്കുളം സെക്രട്ടേറിയറ്റ് റോഡിനോട് ചേർന്ന് മാഞ്ഞാലിക്കുളം മുതൽ ഗാന്ധാരിഅമ്മൻ കോവിൽ വരെ ഇരുവശത്തുമുളള സ്ഥലത്തിന് നിശ്ചയിച്ചിട്ടുളള പരമാവധി ഫെയർ വാല്യൂ എത്രയാണ്;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭാഗത്ത് ദേശാഭിമാനി പത്രമോഫീസ് പ്രവർത്തിക്കുന്ന കെട്ടിടവും അതിരിയ്ക്കുന്ന 32 സെന്റോളം സ്ഥലവും ക്യാപിറ്റൽ സിറ്റി ഹോട്ടൽസ് ആന്റ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തത് എന്നാണ്; കൈമാറ്റ രേഖ പ്രകാരം എത്ര സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ട്; കെട്ടിടത്തിന്റെ വിസ്തീർണ്ണം എത്രയാണ് കാണിച്ചിട്ടുളളത്; മൊത്തം വില എത്രയാണ്;

(സി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>വല്ലപ്പുഴ കേന്ദ്രമാക്കി സബ്‌രജിസ്ട്രാറാഫീസ് സ്ഥാപിക്കൽ</u>

1390 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ, ചളവറ, കുലുക്കല്ലൂർ പഞ്ചായത്തുകൾക്ക് വേണ്ടി വല്ലപ്പുഴയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?